LIBRARY ARCHIVES Kerala Legislative Assembly

പാപ്പനംകോട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്

180(2382) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിലെ പാപ്പനംകോട് സ്ഥിതി ചെയ്യുന്ന ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ നിലവിൽ എത്ര വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ പ്രവർത്തനരഹിതമായിട്ടുള്ള വ്യവസായ യൂണിറ്റുകളുടെ വിശദാംശം നൽകുമോ?

ഉത്തരം

(എ) നേമം നിയോജകമണ്ഡലത്തിലെ പാപ്പനംകോട് സ്ഥിതിചെയ്യുന്ന ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ നിലവിൽ 77 വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ഇവയുടെ ലിസ്റ്റ് അനുബന്ധം I ആയി ചേർക്കുന്നു.*

(ബി) പ്രസ്തുത ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ പ്രവർത്തനരഹിതമായിട്ടുള്ള 4 വ്യവസായ യൂണിറ്റുകളുടെ ലിസ്റ്റ് അനുബന്ധം -2 ആയി ചേർക്കുന്നു.*

വാടയ്ക്കൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്

181(2383) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടയ്ക്കൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ ആകെ വിസ്തൃതി എത്ര; അവിടെ എത്ര ഇൻഡസ്ട്രിയൽ യൂണിറ്റുകളാണുള്ളത്; അതിൽ എത്ര യൂണിറ്റുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്; വിശദമാക്കാമോ;

(ബി) ഇൻഡസ്ട്രിയൽ യൂണിറ്റുകൾ അനധികൃതമായി കൈമാറ്റം ചെയ്യപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതു തടയാൻ നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വാടയ്ക്കൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ ആകെ വിസ്തൃതി 28.28 ഏക്കറാണ്. ഇവിടെ 72 യൂണിറ്റുകളാണുള്ളത്. നിലവിൽ 59 യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് യൂസേഴ്സ് അസോസിയേഷന്റെ പങ്കാളിത്തത്തോടെ 70:30 എന്ന അനുപാതത്തിൽ പൊതുസൗകര്യ വികസന പരിപാടികൾ നടപ്പാക്കുന്ന പദ്ധതി നിലവിലുണ്ട്. ഇതനുസരിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്ന വ്യവസായ യൂണിറ്റുകൾ 30% തുക മുടക്കിയാൽ ബാക്കി 70% തുക സംസ്ഥാന സർക്കാരും നൽകി പദ്ധതി നിർദ്ദേശം നടപ്പിലാക്കാൻ കഴിയും.

റാന്നിയിൽ ആരംഭിക്കാനിരിക്കുന്ന കിൻഫ്രയുടെ അപ്പാരൽ പാർക്ക്

182(2384) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നിയിൽ ആരംഭിക്കാനിരുന്ന കിൻഫ്രയുടെ അപ്പാരൽ പാർക്കിനായി ഉതിമൂട്ടിൽ എത്ര ഭൂമിയാണ് റവന്യൂ വകുപ്പിൽനിന്നും പാട്ടവ്യവസ്ഥയിൽ ലഭിച്ചിട്ടുള്ളത്; എത്രയാണ് പ്രതിവർഷം പാട്ടത്തുക; ഏതുവർഷം വരെയുള്ള പാട്ടത്തുകയാണ് അടച്ചിട്ടുള്ളത്; ഏതെങ്കിലും വർഷത്തെ തുക കടിശ്ശികയായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതു വർഷത്തെ; കടിശ്ശിക വരാനുണ്ടായ കാരണം എന്താണ് ; ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടി എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) ഇവിടെ അപ്പാരൽ പാർക്കിന്റെ പ്രവർത്തനം ആരംഭിക്കുന്നില്ലെങ്കിൽ പകരം എന്തു സ്ഥാപനം തുടങ്ങാനാണ് കിൻഫ്ര ആലോചിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) റാന്നി നിയോജകമണ്ഡലത്തിൽ കിൻഫ്രയുടെ വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഇതിനായി റാന്നി എം.എൽ.എ. നിർദ്ദേശിച്ച സ്ഥലം ഏറ്റെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?